# വചനവിചിന്തനം ആഗസ്റ്റ് 9 ഞായർ

വി. മർക്കോസ് 7:1-13

പാരമ്പര്യത്തെക്കുറിച്ചുള്ള തർക്കം.

കല്പനകളേക്കാളുപരി മാനുഷീകപാരമ്പര്യങ്ങൾക്ക് പ്രാധാന്യം കല്പിക്കുന്ന ഫരിസേയ, നിയമജ്ഞ ശൈലികൾക്കെതിരെ യേശുവിന്റെ വിമർശനം.

അധരം കൊണ്ടു മാത്രം ബഹുമാനിക്കുന്നു. ഹൃദയം ദൈവത്തിൽ നിന്നു ദൂരെയാണ് നിയമത്തെയും കല്പനകളേയും വളച്ചൊടിച്ച് നീതിമാന്മാരായി ചമയുന്നു.

ഉത്തരവാദിത്വങ്ങളും കടമകളും മറക്കുന്നു.

2 കൊറിന്തോസ് 10:7-18

നശിപ്പിക്കാനല്ല, പടുത്തുയർത്താനാണ് കർത്താവ് അധികാരം നല്കിയിരിക്കുന്നത്.

അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ.

അകലെയായിരിക്കുമ്പോൾ ലേഖനത്തിലൂടെ പറയുന്നതുതന്നെ ഞങ്ങൾ പ്രവർത്തിക്കുന്നുവെന്ന് അടുത്തായിരിക്കുമ്പോൾ മനസ്സിലാക്കുക.

തന്നെത്തന്നെ പ്രശംസിക്കുന്നവനല്ല, കർത്താവ് പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ.

## വിചിന്തനം

നിയമത്തിലൂടെ രക്ഷ എന്ന പരമ്പരാഗത വിശ്വാസത്തെ യേശു തിരുത്തുന്നു. നിയമത്തിന്റെ വെറും അനുസരണമല്ല, അന്തസത്തയുൾക്കൊണ്ടു കൊണ്ടുള്ള ജീവിതമാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് ഇവിടെ വ്യക്തമാക്കപ്പെടുന്നു. മനുഷ്യരുടെ മുമ്പിൽ നീതിനാന്മാരാകാനല്ല കർത്താവ് പ്രശംസിക്കുന്നവരാകാനാണ് ഓരോ വിശ്വാസിയും പരിശ്രമിക്കേണ്ടത്. വാക്കും പ്രവർത്തിയും തമ്മിൽ അന്തരമില്ലാതാക്കുക, ദൈവത്തിൽനിന്നകലെയല്ലാത്ത ഹൃദയം സ്വന്തമാക്കുക തുടങ്ങിയവയാണ് ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രയായിത്തീരേണ്ടത്. എങ്കിൽ മാത്രമേ നല്ലഫലങ്ങൾ പുറപ്പെടുവിക്കുന്നവരായിത്തീരാൻ സാധിക്കുകയുള്ളു.

**ഫാ. സ്കറിയാ ഉറുമ്പിൽ**